| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനൊന്നാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 287* | 20.06.2014-ൽ മറുപടിക്ക് |
| മാസ്റ്റർ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.അജിത്<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുല്ലക്കര രത്നാകരൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതു സംബന്ധിച്ചുള്ള മാസ്റ്റർ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെപ്പറയും പ്രകാരമാണ്.<br>1. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ കണ്ടെത്താനും തക്കസമയത്ത് റിപ്പോർട്ട് ചെയ്യുന്നതിനുമായി ജാഗ്രത സമിതികൾ, അങ്കണവാടി വർക്കർമാർ, സ്കൂൾ പ്രധാന അദ്ധ്യാപകർ/പ്രിൻസിപ്പൽ തുടങ്ങിയ മുൻനിര പ്രവർത്തകരെ (ഫ്രണ്ട് ലൈൻ വർക്കേഴ്സ്) ചുമതലപ്പെടുത്തുക.<br>2. സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി അതിക്രമം നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ചെയ്ത് കൊടുക്കുക.<br>3. ഇത്തരം സാഹചര്യങ്ങളിൽ കാണപ്പെടുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് റഫർ ചെയ്യുക, പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, പുസ്തകം മറ്റ് പഠനോപകരണങ്ങൾ, ട്യൂഷൻ ഫീസ്, വിനോദയാത്രകൾക്കുള്ള ഫീസ് തുടങ്ങിയവ നൽകുക.<br>4. കുട്ടികൾക്കെതിരായ അതിക്രമം തടയുന്നതിന് കുടുംബശ്രീ അയൽക്കൂട്ടം, ബാലസഭ എന്നിവയുടെ സേവനം ലഭ്യമാക്കുക.<br>5. സ്ക്കൂൾ പ്രിൻസിപ്പൽമാർ റിസ്ക് ഫാമിലിയിൽ നിന്നും വരുന്ന കുട്ടികളുടെ പട്ടിക തയ്യാറാക്കുകയും അവരുടെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.<br>6. കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ 'നോഡൽ ടീച്ചറായി' ചുമതലപ്പെടുത്തുക. |

7. കുട്ടികൾക്ക് ലൈഫ് സ്കിൽ എഡ്യൂക്കേഷൻ നൽകുക.
8. എല്ലാ സ്കൂളുകളിലും ഡ്രോപ് ബോക്സ് സ്ഥാപിക്കുക.
9. പീഡനത്തിനിരയായ കുട്ടിക്ക് സ്കൂൾ അധികൃതർ അടിയന്തിര വൈദ്യസഹായം നൽകുക.
10. ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
11. ഭൂമിക, 'വൺ സ്റ്റോപ് ക്രൈസിസ് സെൽ' ശിശുസൗഹൃദപരമായി ശക്തിപ്പെടുത്തുക.
12. പീഡനത്തിനിരയായ കുട്ടിക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് നല്കുന്ന മരുന്നുകൾക്കുള്ള തുക ഹോസ്പിറ്റൽ മാനേജ്മെന്റ് സൊസൈറ്റിയുടെ ഫണ്ടിൽ നിന്നും ലഭ്യമാക്കുക.
13. കുട്ടികൾക്കെതിരെയുള്ള അതിക്രമം കണ്ടെത്തിയാൽ സത്വരമായി ചെയ്യേണ്ട നടപടികൾ, അതിക്രമങ്ങൾ തടയാൻ സമൂഹത്തിൽ ചെയ്യേണ്ട കാര്യങ്ങൾ, സ്കൂൾ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവയും ശുപാർശ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | മാസ്റ്റർ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിനായി സാമൂഹ്യനീതി, പോലീസ്, വിദ്യാഭ്യാസം (ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഉൾപ്പെടെ), ആരോഗ്യം, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളുമായും ചൈൽഡ് ലൈൻ, സന്നദ്ധസംഘടനകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി തുടങ്ങിയ കർത്തവ്യവാഹകരുടെയും മറ്റും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഒരു പ്രോട്ടോകോൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടു കൂടി ജാഗ്രതാ സമിതിയിൽ കൈകാര്യം ചെയ്യുന്നു. പീഡന കേസുകൾ റിപ്പോർട്ട് ചെയ്യാത്ത അദ്ധ്യാപകർക്കെതിരെ ഡിപ്പാർട്ട്മെന്റ് നടപടി എടുക്കുമെന്നും, ഇത്തരത്തിലുള്ള |

| | | | |
|---|---|---|---|
| | | | പീഡനങ്ങൾ ക്രിമിനൽ കേസുകൾ ആയതിനാൽ അത് പോലീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ പ്രധാന അദ്ധ്യാപകർക്കെതിരെ പോലീസ് ക്രിമിനൽ കേസ് ഫയൽ ചെയ്യുമെന്നും പീഡനത്തിന് വിധേയരാകുന്ന കുട്ടികൾക്ക് ആവശ്യമായ മെഡിക്കൽ സഹായം, വിദ്യാഭ്യാസ ചെലവുകൾ എന്നിവയ്ക്ക് ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർക്ക് റിപ്പോർട്ട് നൽകണമെന്നും ചൈൽഡ് ലൈൻ പ്രവർത്തകരുടെ നമ്പർ 1098 സ്ക്കൂൾ നോട്ടീസ് ബോർഡിലും എല്ലാ ക്ലാസ്സ് മുറികളിലും അറിയിപ്പായി പ്രദർശിപ്പിക്കേണ്ടതും അതിന്റെ പ്രധാന ചുമതല ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർക്കുമായിരിക്കുമെന്നും, കൂടാതെ മറ്റു ഏജൻസികളായ ചൈൽഡ് ലൈൻ, കുടുംബശ്രീ, നിർഭയ, മഹിളാ സമാജം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജാഗ്രത സമിതികൾ, ജുവനൈൽ പോലീസ് എന്നിവരുടെ സഹായ സഹകരണങ്ങൾ തേടുകയും വേണമെന്നും സർക്കുലർ വഴി എല്ലാവരേയും അറിയിച്ചിട്ടുണ്ട്. നിലവിൽ സ്ക്കൂൾ കൗൺസിലേഴ്സ് കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് റഫർ ചെയ്യുന്നു. സ്വന്തം കുടുംബങ്ങളിൽ നിന്നുതന്നെ അതിക്രമങ്ങൾക്ക് വിധേയരാകുന്ന കുട്ടികളെ വകുപ്പിന് കീഴിലുള്ള ഹോമുകളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ പീഡനത്തിനിരയാവുന്ന കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000/- രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകുകയും ചൈൽഡ് ലൈൻ മുഖേന പ്രചാരണ പോസ്റ്ററുകൾ തയ്യാറാക്കി എല്ലാ സ്ക്കൂളുകളിലും എത്തിച്ചിട്ടുണ്ട്. ഇത്തിരിവെട്ടം എന്ന ടെലിസിനിമ തയ്യാറാക്കി സംസ്ഥാനത്തെ 140 സ്ക്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനും, 'ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' സംവിധാനം സ്കൂളുകളിൽ രൂപീകരിക്കുന്നതിനും നടപടികളായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (സി) | എല്ലാ സ്ക്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിക്കുവാനും അതിന്റെ ചുമതല നോഡൽ ടീച്ചർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കുട്ടികളിൽ കണ്ടുവരുന്ന സാമൂഹ്യ വിരുദ്ധ മനോഭാവം ഇല്ലായ്മ ചെയ്യുന്നതിനായി സർക്കാർ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്ന 'ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. നടപ്പുവർഷത്തിൽ പദ്ധതി സംസ്ഥാനത്തെ ഇതര ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു, എല്ലാ സ്ക്കൂളുകളിലും ഒ.ആർ.സി ക്ലബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ